**കോന്നി വനം ഡിവിഷൻ**

ഫോൺ/ഫാക്സ് – 0468 2242233
ഇ–മെയിൽ–dfo-kni.for@kerala.gov.in
dfo-konni@gmail.com

**KFDDO/46948/2024-DFOKONNI/C4** തീയതി :01.01.2025.

**ഷോർട്ട് ടെണ്ടർ പരസ്യം**

കേരള ഗവർണർക്കുവേണ്ടി കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ താഴെ ചേർത്തിരിക്കുന്ന പ്രവൃത്തികൾക്ക് നിർദ്ദിഷ്ട യോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള മുദ്രവച്ചതും പ്രവൃത്തിയുടെ പേര് പുറത്ത് ആലേഖനം ചെയ്തിട്ടുള്ളതുമായ കവറുകളിൽ ഷോർട്ട് ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നം. | ടെണ്ടർ നമ്പർ | ജോലിയുടെ വിവരം | അടങ്കൽ തുക (രൂപ) | നിരതദ്രവ്യം (രൂപ) | ദർഘാസ് ഫോറത്തിന്റെ വില (രൂപ) | പൂർത്തീകരണ ത്തിനുള്ള കാലാവധി (മാസം) |
|---|---|---|---|---|---|---|
| 1 | KFDDO/46948/2024-DFOKONNI/C4 | മണ്ണാറപ്പാറ റെയിഞ്ചിലെ മണ്ണാറപ്പാറ ഫോറെസ്റ്റ് സ്റ്റേഷൻ പരിധിയിലെ 2022 തേക്ക് തോട്ടത്തിന് ചുറ്റും സോളാർ ഫെൻസിങ് അറ്റകുറ്റപണികൾ ചെയ്യുന്നത് | 97323 | 810 | 500 + 18% GST | എഗ്രിമെന്റ് തീയതി മുതൽ 30ദിവസം |

| | |
|---|---|
| ഷോർട്ട് ടെണ്ടർ നടക്കുന്ന സ്ഥലം | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, കോന്നി |
| ഷോർട്ട് ടെണ്ടർ ഫാറം വിൽക്കുന്ന അവസാന തീയതി | 09.01.2025 പകൽ 1 മണിവരെ |
| ഷോർട്ട് ടെണ്ടർ ഫാറം സ്വീകരിക്കുന്ന തീയതി | 09.01.2025 പകൽ 3 മണിവരെ |
| ഷോർട്ട് ടെണ്ടർ തുറക്കുന്ന തീയതി | 10.01.2025 പകൽ 3.30 മണിക്ക് |

**കരാറുകാരുടെ തരംതിരിവ്**

| | |
|---|---|
| ക്രമ നം. 1 | നിശ്ചിതയോഗ്യതയുള്ള കരാറുകാർ |

ഷോർട്ട് ടെണ്ടർ ഫോറങ്ങളും ജോലികളെ സംബന്ധിച്ച വിവരങ്ങളും ഷോർട്ട് ടെണ്ടർ ഫോറത്തിന്റെ വിലയും വിൽപ്പന നികുതിയും കൂടി പണമായോ, മണി ഓർഡർ ആയോ അടയ്ക്കുന്നവർക്ക് ഷോർട്ട് ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതിയായ 09.01.2025 ഉച്ചയ്ക്ക് 1 മണിവരെ ഈ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച ഷോർട്ട് ടെണ്ടർ 09.01.2025 ഉച്ചകഴിഞ്ഞ് 3 മണി വരെ ഈ ഓഫീസിൽ സ്വീകരിക്കുന്നതാണ്. പൂരിപ്പിച്ച ഷോർട്ട് ടെണ്ടർ രജിസ്റ്റേർഡ് തപാൽ മുഖേന നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുകയാണെങ്കിൽ ആയതും സ്വീകരിക്കുന്നതായിരിക്കും. ഷോർട്ട് ടെണ്ടർ ഫോറത്തിന്റെ വില മടക്കി നൽകുന്നതല്ല.

ഷോർട്ട് ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതിയായ 10.01.2025 വൈകിട്ട് 3.30–ന് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ താഴെ ഒപ്പിട്ടിട്ടുള്ള അധികാരിയോ, ടിയാൻ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഷോർട്ട് ടെണ്ടർ തുറക്കുന്നതായിരിക്കും. ഷോർട്ട് ടെണ്ടർ ഫോറങ്ങൾക്കൊപ്പം നിരതദ്രവ്യത്തിനുള്ള ഡിമാന്റ് ഡ്രാഫ്റ്റ്/ഫിക്സഡ് ഡിപ്പോസിറ്റ് രസീത് (കോന്നിയിലുള്ള ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ മാറാവുന്ന വിധത്തിലുള്ളതും താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയുടെ പേരിലുള്ളതും) ഉണ്ടായിരിക്കേണ്ടതാണ്. അപൂർണമായ ഷോർട്ട് ടെണ്ടർ യാതൊരു അറിയിപ്പും കൂടാതെ നിരസിക്കുന്നതായിരിക്കും. ഈ ഷോർട്ട് ടെണ്ടർ ഉൾപ്പെടുത്തിയിട്ടുള്ള ഏതു പ്രവൃത്തിയും ഏതു സമയത്തും കാരണം കൂടാതെ ഒഴിവാക്കുന്നതിനുള്ള പൂർണ്ണ അധികാരവും താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിക്ക് ഉണ്ടായിരിക്കുന്നതാണ്. കരാർ വ്യവസ്ഥകൾ ഈ ജോലികൾക്കും ബാധകമായിരിക്കും. അതാത് കാലഘട്ടത്തിലുള്ള ജി.എസ്.റ്റി നിരക്കുകൾ ഈ ഷോർട്ട് ടെണ്ടർ ബാധകമായിരിക്കുന്നതാണ്. ഷോർട്ട് ടെണ്ടർ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ പൊതു അവധിയായി വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്ത് ഷോർട്ട് ടെണ്ടർ തുറക്കുന്നതായിരിക്കും.

കോന്നി
തീയതി : 01.1.2025

ആയുഷ് കുമാർ കോറി IFS
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണർക്കുവേണ്ടി)

പകർപ്പ് :

1. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (I.T) ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനായി സമർപ്പിക്കുന്നു.
2. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ–നടുവത്തുമൂഴി/ കോന്നി/മണ്ണാറപ്പാറ എന്നിവർക്ക് നൽകുന്നു.
   ടി നോട്ടീസ് ഓഫീസ് ബോർഡിൽ പ്രദർശിപ്പിക്കുവാൻ താൽപര്യപ്പെടുന്നു.
3. സെക്രട്ടറി, അരുവാപ്പുലം, കലഞ്ഞൂർ, തണ്ണിത്തോട് – എന്നിവർക്ക് നൽകുന്നു. ടി നോട്ടീസ് ഓഫീസ് ബോർഡിൽ പ്രദർശിപ്പിക്കുവാൻ താൽപര്യപ്പെടുന്നു.
4. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, റാന്നി, പുനലൂർ, തിരുവനന്തപുരം, തെന്മല, അച്ചൻകോവിൽ.
5. അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സോഷ്യൽ ഫോറസ്ട്രി) പത്തനംതിട്ട.
6. നോട്ടീസ് ബോർഡിലേക്ക്.

# നിബന്ധനകൾ

1. ഷോർട്ട് ടെണ്ടർ ഫോറവും (കൈമാറ്റം ചെയ്യാവുന്നതല്ല) മറ്റ് വിശദവിവരങ്ങളും ഷോർട്ട് ടെണ്ടർ ഫോറത്തിന്റെ വില പണമായി ഒടുക്കുകയോ, ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേർക്കെടുത്ത ഡിമാന്റെ ഡ്രാഫ്റ്റായ് അയയ്ക്കുന്നവർക്ക് ടെണ്ടർ ഫോറം ലഭ്യമാകുന്നതാണ്. ഷോർട്ട് ടെണ്ടർ ഫോറത്തിന്റെ വില സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലായിരിക്കും. ഷോർട്ട് ടെണ്ടർ ഫോറം വനം വകുപ്പിന്റെ വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ഷോർട്ട് ടെണ്ടർ ഫോറത്തിന്റെ വില ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ്, ഷോർട്ട് ടെണ്ടർ കൂടെ ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. ഒരിക്കൽ ഒടുക്കിയ ഷോർട്ട് ടെണ്ടർ ഫോറത്തിന്റെ വില ഒരു കാരണവശാലും മടക്കി നൽകുന്നതല്ല. മറ്റ് ഷോർട്ട് ടെണ്ടർ ഫോറത്തിന്റെ വിലയായി അഡ്ജസ്റ്റ് ചെയ്യുന്നതുമല്ല.

2. ഒരു വ്യക്തിയുടെ പേരിൽ നൽകിയിട്ടുള്ള ഷോർട്ട് ടെണ്ടർ ഫോറം ആ വ്യക്തിക്കു മാത്രവും ടെണ്ടർ ഫോറത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ജോലിക്കും മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

3. ടെണ്ടർ സമർപ്പിക്കുന്നതിനു മുൻപായി, ഒപ്പിടേണ്ട എഗ്രിമെന്റിലെ വ്യവസ്ഥകൾ മനസ്സിലാക്കിയിരിക്കേണ്ടതാണ്. എഗ്രിമെന്റിന്റെ കരട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണ്. ഷോർട്ട് ടെണ്ടർ വ്യവസ്ഥകളും മനസ്സിലാക്കിയിരിക്കേണ്ടതാണ്. പൂരിപ്പിച്ച ഷോർട്ട് ടെണ്ടർ സമർപ്പിച്ചശേഷം എഗ്രിമെന്റ് വ്യവസ്ഥകൾ മനസ്സിലാക്കിയി രുന്നില്ല എന്ന വാദമോ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും പരാതികളോ പരിഗണിക്കുന്നതല്ല.

4. ഷോർട്ട് ടെണ്ടർ സമർപ്പിക്കുന്നതിനു മുൻപായി ജോലി നടത്തേണ്ട സ്ഥലവും, ജോലിയുടെ സ്വഭാവവും പരിശോധിച്ച് മനസ്സിലാക്കുകയും ആയതിനനുസരിച്ച് നിരക്ക് രേഖപ്പെടുത്തേണ്ടതുമാണ്. ആയതിനുശേഷം ഒരു കാരണവശാലും നിരക്ക് വർദ്ധിപ്പിക്കുന്നതല്ല.

5. ഷോർട്ട് ടെണ്ടർ സമർപ്പിക്കുന്ന ആൾ ഷോർട്ട് ടെണ്ടർ എല്ലാ പേജുകളും ഉണ്ടെന്ന് ഉറപ്പുവരുത്തി സീൽ ചെയ്ത കവറിനു പുറത്ത് ഷോർട്ട് ടെണ്ടർ പരസ്യത്തിൽ കാണിച്ചിട്ടുള്ള ജോലിയുടെ പേര് രേഖപ്പെടുത്തി കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ അഡ്രസ്സ് ചെയ്ത് ഷോർട്ട് ടെണ്ടർ നോട്ടീസിൽ പറയുന്ന സമയത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. ഷോർട്ട് ടെണ്ടർ സമർപ്പിക്കേണ്ടതായ അവസാന തീയതി അവധിയായി പ്രഖ്യാപിക്കപ്പെടുന്നപക്ഷം തൊട്ടടുത്ത ദിവസം അതേ സമയത്ത് സ്വീകരിക്കുന്നതായിരിക്കും.

6. നിശ്ചിത തീയതിക്കും സമയത്തും ലഭിക്കാത്ത അപേക്ഷകളും ആവശ്യമായ രേഖകൾ ഉൾപ്പെടുത്താത്തതോ നിശ്ചിത ഫോറത്തിലും നിശ്ചിത ക്രമത്തിലും എഴുതാത്തതോ ആയ ഷോർട്ട് ടെണ്ടർ പരിഗണിക്കുന്നതല്ല.

7. ഓരോ ടെണ്ടറിനോടുമൊപ്പം ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പേരിൽ എടുത്തിട്ടുള്ള ഡിമാന്റ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ചേർത്തിരിക്കേണ്ടതാണ്.

8. ഷോർട്ട് ടെണ്ടർ എന്തെങ്കിലും തിരുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ഷോർട്ട് ടെണ്ടർ തന്നെ ഇനിഷ്യൽ ചെയ്തിരിക്കേണ്ടതാണ്.

9. ലഭിച്ചിട്ടുള്ള ഷോർട്ട് ടെണ്ടർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആളോ 10.01.2025 ന് പകൽ 3.30–ന് അദ്ദേഹത്തിന്റെ ഓഫീസിൽ വച്ച് ഹാജരായിട്ടുള്ള ഷോർട്ട് ടെണ്ടർ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

10. സാധാരണഗതിയിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ഷോർട്ട് ടെണ്ടർ സ്വീകരിക്കുന്നതായിരിക്കും. പക്ഷേ തീരുമാനമെടുക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥന് ഒരു കാരണവും പറയാതെ തന്നെ ഷോർട്ട് ടെണ്ടർ സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരം ഉണ്ടായിരിക്കും.

11. സാമ്പത്തിക നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ഷോർട്ട് ടെണ്ടർ തുറന്ന് മൂന്ന് മാസത്തിനകം ഓഫർ പിൻവലിക്കുവാൻ ഒരു ലേലക്കാരനെയും അനുവദിക്കുന്നതല്ല.

12. ആരുടെ ഷോർട്ട് ടെണ്ടർ സ്വീകരിച്ചിട്ടുള്ളത്, ആ വിവരം വ്യക്തിയെ ഷോർട്ട് ടെണ്ടർ കൊടുത്തിരിക്കുന്ന വിലാസത്തിൽ രജിസ്ട്രേഡ് കത്ത് മുഖാന്തിരം അറിയിക്കുന്നതാണ്. വിജയിയായ ഷോർട്ട് ടെണ്ടർ 7 ദിവസത്തിനകം ടിയാന്റെ ചെലവിൽ വാങ്ങിയിട്ടുള്ള 200 രൂപ വിലയുള്ള മുദ്രപത്രത്തിൽ ഒരു ഉടമ്പടി ഒപ്പു വയ്ക്കേണ്ടതാണ്. ഷോർട്ട് ടെണ്ടർ ഉടമ്പടി ഒപ്പു വയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ ഷോർട്ട് ടെണ്ടർ റദ്ദാക്കുന്നതും ടിയാൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം വനംവകുപ്പിലേയ്ക്ക് കണ്ടുകെട്ടുന്നതുമാണ്. തുടർന്ന് ജോലികൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ തൊട്ടടുത്ത നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ആളിനെക്കൊണ്ട് ചെയ്യിക്കുന്ന തുൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങളിൽ കൂടി നടത്തുന്നതാണ്. ഇതിൽ വച്ച് സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടാകുന്ന പക്ഷം ആയത് ആദ്യ ഷോർട്ട് ടെണ്ടർ ഡിവിഷണൽ ഫോറസ്റ്റ്

ഓഫീസർ അനുവദിക്കുന്ന ന്യായമായ സമയത്തിനുള്ളിൽ ഒടുക്കിയില്ലായെങ്കിൽ ആയത് പൊതുമുതലിനുള്ള കുടിശ്ശികയായി കണക്കാക്കുന്നതും ആയത് 1968–ലെ കേരള റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമോ, സർക്കാരിന് യുക്തമെന്ന് തോന്നുന്ന മാർഗ്ഗങ്ങളിലൂടെയോ ഈടാക്കുന്നതാണ്. സർക്കാരിന് എന്തെങ്കിലും നേട്ടമുണ്ടാകുന്നപക്ഷം അതിൽ വീഴ്ചക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

13. വിജയിയാകുന്ന ഷോർട്ട് ടെണ്ടർ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് കോൺട്രാക്ട് തുകയുടെ 5% സെക്യൂരിറ്റിയായി ഒടുക്കേണ്ടതാണ്. ജോലി പൂർത്തിയാക്കി, ബന്ധപ്പെട്ട ഓഫീസറിൽ നിന്നും ലഭ്യമാകുന്ന ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ സെക്യൂരിറ്റി വിടുതൽ ചെയ്യുകയുള്ളൂ.

14. വിജയിയാകുന്ന ഷോർട്ട് ടെണ്ടർ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് സോൾവൻസി സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുവകകൾ വിൽക്കുകയോ, പണയം വയ്ക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യില്ലെന്ന് ഒരു സമ്മതപത്രം നൽകേണ്ടതാണ്.

15. ഷോർട്ട് ടെണ്ടർ ലഭിച്ചതിനുശേഷം ഒരു ജോലിയെ സംബന്ധിക്കുന്ന പോസ്റ്റ് ഓഫറുകളോ, പരാതികളോ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

16. ഷോർട്ട് ടെണ്ടർ പങ്കെടുത്തിട്ടുള്ള വിജയികളാകാത്ത ഷോർട്ട് ടെണ്ടർ നിരതദ്രവ്യം ടെണ്ടർ നടപടികൾ അവസാനിക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണ്.

17. ഷോർട്ട് ടെണ്ടർ ഷെഡ്യൂളിൽ പറയുന്ന അളവുകൾ ഏകദേശമായിരിക്കും. ജോലികൾ ചെയ്തു വരുമ്പോൾ അളവുകളിൽ വ്യത്യാസം വരാവുന്നതാണ്.

18 ഷോർട്ട് ടെണ്ടർ നടത്തുന്ന സമയത്ത് നിലവിലുള്ള എല്ലാ നികുതികളും ഈ ഷോർട്ട് ടെണ്ടർ ബാധകമായിരിക്കും.

**കൂടുതൽ വിവരങ്ങൾ കോന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നും (ഫോൺ 0468 2242233) പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.**

കോന്നി
01.01.2025

**ആയുഷ് കുമാർ കോറി IFS**
**ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ**
**കോന്നി**

**Appendix 11**